## കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടി ഉത്തരവ്

**സാന്നിധ്യം : കെ.അൻവർ സാദത്ത്**

**കൈറ്റ് – RTI ഓൺലൈൻ പോർട്ടലിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കൈറ്റിന്റെ നോഡൽ ഓഫീസറായി അഡ്മിനിസ്ട്രേറ്റീവ് കം ലീഗൽ ഓഫീസർ ശ്രീമതി. ദീപ അനിരുദ്ധനെ നിയോഗിച്ച് ഉത്തരവാകുന്നു.**

---

**ഉത്തരവ് നം. കൈറ്റ്/2025/1795 (2) തീയതി : 09.04.2025**

---

വായന:– 1. GO(MS) No.94/2023/GAD dated 19.06.2023.
2. Govt. Circular No. CDN5/186/2024-GAD dated 18.01.25
3. 06.04.2025-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/8414/2023/ O&M (2) നമ്പർ കത്ത്

വായനയിലെ സർക്കാർ ഉത്തരവും സർക്കുലറും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്തും പ്രകാരം വിവരാവകാശ നിയമം 2005 അനുസരിച്ചുള്ള ഓൺലൈൻ അപേക്ഷകൾക്ക് സമയബന്ധിതമായി മറുപടി നൽകുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. RTI പോർട്ടലിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ സ്ഥാപനത്തിനും നോഡൽ ഓഫീസറെ നിയമിക്കേണ്ടതാണെന്നും വായനയിലെ ഉത്തരവുകളിൽ നിർദേശിച്ചിരുന്നു.

വായന 3 ലെ കത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ RTI ഓൺലൈൻ പോർട്ടൽ മുഖേന വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസിലേക്ക് കൈമാറ്റം ചെയ്യുന്നതിന് പ്രസ്തുത ഓഫീസിൽ ലഭിക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിച്ച് ടിയാളുടെ ബന്ധപ്പെട്ട വിവരങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നോഡൽ ഓഫീസർക്ക് ലഭ്യമാക്കണമെന്നും നിർദേശിച്ചിരുന്നു. അതിൻപ്രകാരം, കൈറ്റിന്റെ ഓൺലൈൻ പോർട്ടൽ മുഖേന ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതിന് കൈറ്റിലെ നോഡൽ ഓഫീസറായി അഡ്മിനിസ്ട്രേറ്റീവ്-കം-ലീഗൽ ഓഫീസറായ ശ്രീമതി. ദീപ അനിരുദ്ധനെ നിയമിച്ച് ഉത്തരവാകുന്നു. (Ph: 918848755826, email :deepa.a@kite.kerala.gov.in).

നോഡൽ ഓഫീസർക്ക് RTI പോർട്ടലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷ കൈകാര്യം ചെയ്യുന്നതിന് സഹായം ആവശ്യമെങ്കിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 8590533837, 0471-2518463 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്. സാങ്കേതിക പരാതി പരിഹാരത്തിന് rti.tech-support@kerala.gov.in ൽ NIC വിഭാഗത്തിന് മെയിൽ ചെയ്യേണ്ടതാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ശ്രീമതി. ദീപ അനിരുദ്ധൻ
അഡ്മിനിസ്ട്രേറ്റീവ് കം ലീഗൽ ഓഫീസർ, കൈറ്റ്

പൊതുവിദ്യാഭ്യാസ വകുപ്പ്

പൊതുഭരണ (ഏകോപനം) വകുപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്റ്റോക്ക് ഫയൽ